**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1707** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി രണ്ടാം സെമസ്റ്റർ പരീക്ഷയുടെ മൂല്യനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയിൽ ഏപ്രിൽ 2020 നടന്ന യു.ജി രണ്ടാം സെമസ്റ്റർ പരീക്ഷയുടെ മൂല്യനിർണ്ണയം ഫാൾസ് നമ്പറിംഗ് കൂടാതെ നടത്തുന്നതിന് പരീക്ഷാ സ്ഥിരം സമിതിയുടെ തീരുമാനമെടുത്തിരുന്നോ ; എങ്കിൽ ഇത് പ്രസ്തുത പരീക്ഷയുടെ പരിപൂർണ ഫലപ്രസിദ്ധീകരണം വൈകിപ്പിച്ചതിനു കാരണമായതായി വിലയിരുത്തുന്നുണ്ടോ; | (എ) | സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 09.09.2021 ലെ ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞ തീരുമാനപ്രകാരം, കോവിഡ് പശ്ചാത്തലത്തിൽ ഫല പ്രസിദ്ധീകരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി, രണ്ടാം സെമസ്റ്റർ യു.ജി.ഏപ്രിൽ 2020 പരീക്ഷകളുടേയും, നാല്, അഞ്ച്, ആറ് സെമസ്റ്റർ കോവിഡ് സ്പെഷ്യൽ പരീക്ഷകളുടേയും, എൻ.സി.സി. കേഡറ്റുകൾക്ക് വേണ്ടിയുള്ള മൂന്നാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷകളുടേയും മൂല്യനിർണയം ഫാൾസ് നമ്പറിംഗ് കൂടാതെ നടത്തുവാൻ എടുത്ത തീരുമാനം 25.09.2021 തീയതിയായ U.O.No.850/2021/PB നമ്പർ ഉത്തരവ് പ്രകാരം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഉത്തര പേപ്പറുകൾ/ മാർക്കിന്റെ വിശദാംശങ്ങൾ മൂല്യനിർണ്ണയത്തിന് ശേഷം സർവ്വകലാശാലയിൽ തിരികെ ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് മൂലം, പ്രസ്തുത വിദ്യാർത്ഥികൾക്കായി വീണ്ടും പരീക്ഷ നടത്തുന്നതിന് കാലിക്കറ്റ് സർവ്വകലാശാല തീരുമാനമെടുത്തിട്ടുണ്ടോ ; പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മാർക്കിന്റെ വിശദാംശങ്ങൾ സർവകലാശാലയിൽ ലഭ്യമാണ്. മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ഉത്തര പേപ്പറുകൾ അതാതു വിഷയങ്ങളുടെ ചെയർമാന്മാരുടെ ഉത്തരവാദിത്വത്തിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്. ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് 2022 ജൂൺ മാസം 27, 28 തീയതികളിൽ പുനഃപരീക്ഷ നടത്തിയിട്ടുണ്ട്. ഫല പ്രഖ്യാപനം തുടർ പഠനത്തെ ബാധിക്കാതെ നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | സർവ്വകലാശാലയുടെ ഭാഗത്ത് നിന്നുണ്ടായ പ്രസ്തുത വീഴ്ചയ്ക്ക് ഇരയാകേണ്ടി വിദ്യാർത്ഥികൾ അനുഭവിക്കുന്ന സമയനഷ്ടം, മാനസിക പിരിമുറുക്കം, സാമ്പത്തിക നഷ്ടം എന്നിവക്ക് എപ്രകാരം പരിഹാരമേകാമെന്നാണ് സർവകലാശാല ലക്ഷ്യമിടുന്നത്; | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | ആയതിന് ഉത്തരവാദികളായ പരീക്ഷാ സ്ഥിരം സമിതിയുൾപ്പെടെയുള്ള മുഴുവൻ ഉന്നതാധികാരികൾക്കെതിരെ നടപടി | (ഡി) | കോവിഡ് പശ്ചാത്തലത്തിൽ ഫല പ്രസിദ്ധീകരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി മൂല്യനിർണയം ഫാൾസ് നമ്പറിംഗ് കൂടാതെ |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നതിനും, പുനഃപരീക്ഷ നടത്തിപ്പിനാവശ്യമായ മുഴുവൻ ചെലവുകളും, വിദ്യാർത്ഥികൾക്കുള്ള നഷ്ടപരിഹാരവും ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | നടത്തുവാൻ 09.09.2021 തീയതിയിൽ ചേർന്ന പരീക്ഷ സ്ഥിരം സമിതി എടുത്ത തീരുമാനം 25.09.2021 തീയതിയായ U.O.No.850/2021/PB നമ്പർ ഉത്തരവ് പ്രകാരം നടപ്പിൽ വരുത്തുകയാണുണ്ടായത്. ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് 2022 ജൂൺ മാസം 27, 28 തീയതികളിൽ പുനഃപരീക്ഷ നടത്തിയിട്ടുണ്ട്. ഫല പ്രഖ്യാപനം തുടർ പഠനത്തെ ബാധിക്കാതെ നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ